(ബി) നികുതി വെട്ടിപ്പ് പൂർണ്ണമായി തടഞ്ഞുകൊണ്ട് സാമ്പത്തിക വിഭവ സമാഹരണം പരമാവധി ഉയർത്തുകയും അതിലൂടെ സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ ചോദ്യം (എ)-യുടെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

വിവാഹ ധനസഹായം

6 (*306) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും പെൺമക്കൾക്ക് വിവാഹ ധനസഹായത്തിന് അപേക്ഷിക്കേണ്ട മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലർ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് 28-7-2015-ൽ പുറപ്പെടുവിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ പുതുക്കിയ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങളും മുമ്പ് ഉണ്ടായിരുന്ന മാനദണ്ഡങ്ങളും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങൾ മൽസ്യത്തൊഴിലാളികൾക്ക് വിവാഹ ധനസഹായത്തിന് തക്ക സമയത്ത് അപേക്ഷിക്കാൻ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് അത് പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാൻ തയ്യാറാകുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡം

വിവാഹം നിശ്ചയിച്ചു എന്ന് തെളിയിക്കുന്ന സംഘടനകളുടെയോ, സ്ഥാപനങ്ങളുടെയോ, ഭാരവാഹികളിൽനിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് അസ്സലും കൂടെ വിവാഹ ക്ഷണക്കത്തും സമർപ്പിക്കുന്നു.

ഭേദഗതി വരുത്തിയ മാനദണ്ഡം

വിവാഹം നിശ്ചയിച്ചു എന്ന് തെളിയിക്കുന്ന മതസംഘടകളുടെയോ, സ്ഥാപനങ്ങളുടേയോ, ഭാരവാഹികളിൽനിന്ന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ അസ്സലും/ വിവാഹം രജിസ്റ്റർ ചെയ്തു എന്ന് തെളിയിക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റി/ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള സർട്ടിഫിക്കറ്റിന്റെ അസ്സലും, കൂടെ വിവാഹ ക്ഷണക്കത്തും സമർപ്പിക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം മാത്രമേ അർഹതയുള്ള അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുകയുള്ളൂ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

മദ്യവിമുക്ത കേരളം

7 (*307) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം നടപ്പാക്കിത്തുടങ്ങിയ ശേഷം മദ്യ വില്പനയിലും, മദ്യപാനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലും ഉണ്ടായിട്ടുള്ള മാറ്റം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഘട്ടം ഘട്ടമായി അടച്ചു പൂട്ടുന്ന നടപടി ഉണ്ടാക്കിയ പ്രതികരണം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മദ്യവിമുക്ത കേരളമെന്ന ലക്ഷ്യം നേടാൻ ഇതോടൊപ്പം എല്ലാ തലത്തിലും ബോധവത്ക്കരണ നടപടികൾ ഊർജ്ജിതമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്.

(ബി) മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. പുതിയ മദ്യനയം സർക്കാർ നടപ്പിലാക്കിയതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly